(7 pages) **Reg. No. : ...............................**

**Code No. : 12930** **Sub. Code : J 1 MY 31**

U.G. (CBCS) DEGREE EXAMINATION,
NOVEMBER 2017.

Third Semester

Part I — Malayalam

DHRISHYAKALA SAHITYAM

(For those who joined in July 2016 onwards)

Time : Three hours Maximum : 75 marks

PART A — (10 × 1 = 10 marks)

ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. കഥകളിയുടെ ആദ്യരൂപം എന്നറിയപ്പെടുന്ന 'രാമനാട്ടം' രചിച്ചതാര്?

   (a) കൊട്ടാരക്കര തമ്പുരാൻ

   (b) കോഴിക്കോട് സാമൂതിരി

   (c) ഉണ്ണായി വാര്യർ

   (d) ഇരയിമ്മൻ തമ്പി

2. പോയ് വരുന്നേനകലേ, നീസമ്പ്രതി
   പോവതിതെങ്ങുകലേ - ആരുടെ വാക്കുകൾ?

   (a) കലി (b) അഗ്നി

   (c) ഇന്ദ്രൻ (d) യമൻ

3. കുഞ്ചൻ നമ്പ്യാർ ജീവിച്ചിരുന്ന നൂറ്റാണ്ട് ഏത്?

   (a) 16 (b) 17

   (c) 18 (d) 20

4. ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ!

   പാരം മുഴക്കുന്നു ധിക്കാര സാഹസം - ഈ വാക്കുകൾ പറഞ്ഞതാര്?

   (a) ഭീമസേനൻ (b) അർജ്ജുനൻ

   (c) ഹനുമാൻ (d) പാഞ്ചാലി

5. ദാർശനിക ചക്രവർത്തിയായ സോക്രട്ടീസ് ജീവിച്ചിരുന്ന കാലഘട്ടം ഏത്?

   (a) ബി.സി. 2-ാം നൂറ്റാണ്ട്

   (b) ബി.സി. 4-ാം നൂറ്റാണ്ട്

   (c) എ.ഡി. 2-ാം നൂറ്റാണ്ട്

   (d) എ.ഡി. 1-ാം നൂറ്റാണ്ട്



*Nesamony Memorial Christian College, Marthandam*

6. അപ്പോൾ, ഞാൻ അങ്ങോട്ടൊന്ന് ചോദിക്കട്ടെ?

ഒരു പാത്രം വെള്ളത്തിൽ ഒരു തുള്ളി സുഗന്ധദ്രവ്യം വീണാലോ? - പറഞ്ഞതാര്?

(a) സോക്രട്ടീസ് (b) ആർക്കൺ

(c) മെലീറ്റസ് (d) ഗ്ലാവ്ക്കോൺ

7. എം.ടി. വാസുദേവൻ നായർക്ക് ജ്ഞാനപീഠം പുരസ്ക്കാരം ലഭിച്ച വർഷമേത്?

(a) 1995 (b) 2000

(c) 2004 (d) 1957

8. എന്നെ കുലത്തൊഴിലിന് ഇറക്കില്ലെന്ന് അമ്മ പലപ്പോഴും പറഞ്ഞിരുന്നത് വെറും വാക്കായിരുന്നു അല്ലെ? - പറഞ്ഞതാര്?

(a) വൈശാലി (b) മാലിനി

(c) മഞ്ജരി (d) ശാന്ത

9. 'ഭടജനങ്ങളുടെ നടുവിലുള്ളൊരു പടയണി'യെക്കുറിച്ച് സൂചിപ്പിച്ചതാര്?

(a) കുഞ്ചൻ നമ്പ്യാർ (b) ഉണ്ണായി വാര്യർ

(c) പൂന്താനം (d) വള്ളത്തോൾ



10. പടയണിയിൽ തപ്പു, തവിൽ, മദ്ദളം, കൈമണി എന്നിവകൊണ്ടുള്ള മേളത്തിന്റെ പേരെന്ത്?

(a) വല്യമേളം (b) തപ്പുമേളം

(c) മേളം (d) ചെണ്ടമേളം

PART B — (5 × 5 = 25 marks)

ഓരോ ചോദ്യത്തിനും രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11. (a) പാഥസാം നിചയം വാർന്നൊഴിഞ്ഞളവു

സേതു ബന്ധനോദ്യോഗമെന്തടോ? - ആര് ആരോട് പറഞ്ഞു? സന്ദർഭം വിവരിച്ച് ആശയം വിശദമാക്കുക.

അല്ലെങ്കിൽ

(b) കലിയും ദേവന്മാരും തമ്മിലുള്ള സംഭാഷണം വിവരിക്കുക.

12. (a) കണ്ടനേരം തന്നെ നിന്റെ പരമാർത്ഥ-

മുണ്ടായ് നമുക്കെന്നറിക വൃകോദര! - സന്ദർഭം വ്യക്തമാക്കി ഹനുമാൻ മനസ്സിലാക്കിയ പരമാർത്ഥങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

(b) പാഠ്യഭാഗത്തിൽ പ്രകടമാകുന്ന കുഞ്ചൻ നമ്പ്യാരുടെ ഹാസ്യ പ്രയോഗങ്ങൾ വിവരിക്കുക.



Nesamony Memorial Christian College, Marthandam

13. (a) താനൊരു നാസ്തികനല്ലെന്ന് സോക്രട്ടീസ് സമർത്ഥിച്ചതെങ്ങനെ? വിവരിക്കുക.

അല്ലെങ്കിൽ

(b) തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ സോക്രട്ടീസ് ഖണ്ഡിച്ചതെങ്ങനെ? വിവരിക്കുക.

14. (a) ഒരു കഥ തിരക്കഥയാവുന്നതെങ്ങനെ? വിവരിക്കുക.

അല്ലെങ്കിൽ

(b) വൈശാലി ഋശ്യശൃംഗനെ യാഗത്തിനെത്തിക്കുന്നതെങ്ങനെ? വിവരിക്കുക.

15. (a) പടയണി അതിന്റെ സമഗ്രരൂപത്തിൽ ഒരു ഇതിഹാസ നാടകമാണ് - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) പടയണിപ്പാട്ടുകളെക്കുറിച്ച് വിവരിക്കുക.

PART C — (5 × 8 = 40 marks)

ഓരോ ചോദ്യത്തിനും അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

16. (a) നളചരിതത്തിലെ ഭാഷ വെങ്കല ഭാഷയെന്നു പ്രസിദ്ധി നേടിയതാണ് - വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) നളചരിതത്തിലെ നാടകീയത പാഠ്യഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.



17. (a) പാഠ്യഭാഗത്തിൽ കൊടുത്തിട്ടുള്ള ഭീമഹനൂമത് സംവാദം ചുരുക്കി എഴുതുക.

അല്ലെങ്കിൽ

(b) തുള്ളലിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള കഥ എന്ത്? തുള്ളൽ എത്രതരം? വിവരിക്കുക.

18. (a) മലയാള നാടക സാഹിത്യചരിത്രം ചുരുക്കി എഴുതുക.

അല്ലെങ്കിൽ

(b) പി.ജെ. ആന്റണിയുടെ 'സോക്രട്ടീസ്' എന്ന ഏകാങ്ക നാടകത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

19. (a) വൈശാലി എന്ന തിരക്കഥയിലെ കഥ ചുരുക്കി എഴുതുക.

അല്ലെങ്കിൽ

(b) മഹാഭാരതം തീർത്ഥയാത്രാ പർവ്വത്തിലെ ഒരു ചെറിയ കഥയെ വലിയ തിരക്കഥയാക്കുകയാണ് എം.ടി. ചെയ്തത് - വിവരിക്കുക.



Nesamony Memorial Christian College, Marthandam

20. (a) നാനാജാതിക്കാർ പങ്കെടുക്കുന്ന പടയണിയുടെ സാമൂഹിക പ്രസക്തിയും കാർഷിക പ്രസക്തിയും വിവരിക്കുക.

അല്ലെങ്കിൽ

(b) പടയണിയുടെ ഇന്നത്തെ അവസ്ഥയും അതിന്റെ ചിട്ടകളും വിവരിക്കുക.

---



*Nesamony Memorial Christian College, Marthandam*